## ഇന്റർനെറ്റ് മാധ്യമങ്ങളും സമൂഹവും

കേരളീയം വെബ്സൈറ്റ് പ്രകാശനത്തിനോട് അനുബന്ധിച്ച് നടന്ന സംവാദം

**ഭ്രാന്തുകളും അസഹ്യപ്രവണതകളും ഉണ്ടെങ്കിലും നാളത്തെ വിപ്ലവങ്ങൾ പോസ്റ്റുചെയ്യപ്പെടുന്നത് സോഷ്യൽ മീഡിയയിലാകുമെന്ന്**


**എൻ.പി. രാജേന്ദ്രൻ**

# നാളത്തെ മീഡിയ സോഷ്യൽ മീഡിയയോ?

**ഒരു** സംഘടന ഒരു വെബ്സൈറ്റ് ആരംഭിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ അതൊരു പരിസ്ഥിതി സൗഹൃദ നടപടിയാകുന്നു. ഇന്ത്യൻ റെയിൽവെ പരിസ്ഥിതി സൗഹൃദത്തിന് വലുതായൊന്നും പേരുകേട്ട സ്ഥാപനമല്ല. പക്ഷേ അവർ അടുത്തിടെ കൊണ്ടുവന്ന ഒരു പരിഷ്കാരത്തിന്റെ ലക്ഷ്യം പരിസ്ഥിതി സംരക്ഷണത്തിന് സഹായകമായി. ഇന്റർനെറ്റ് വഴി ടിക്കറ്റ് ബുക് ചെയ്യുന്നവർ ടിക്കറ്റ് ഷീറ്റ് കടലാസ്സിൽ പ്രിന്റൗട് എടുക്കേണ്ട, മൊബൈൽ ഫോണിലോ ലാപ്ടോപ്പിലോ അതിന്റെ പകർപ്പുണ്ടായാൽ മതിയെന്ന് ഉത്തരവിട്ടു. ഇതുവഴി ദിവസവും ലക്ഷക്കണക്കിന് ഷീറ്റ് കടലാസ്സാണ് ലാഭിക്കുന്നത്. അത്രയും മരം രക്ഷപ്പെടുന്നു. ഇന്റർനെറ്റിൽ മെയിൽ അയക്കുന്ന പലരും അതോടൊപ്പം പതിവായി എഴുതിവെക്കുന്ന ഒരു വാചകമുണ്ട് – അത്യാവശ്യമുണ്ടെങ്കിൽ മാത്രം പ്രിന്റെടുക്കുക. ഇതെല്ലാം നോക്കുമ്പോൾ പരിസ്ഥിതി സംഘടനകൾ എന്നേ പ്രിന്റ് മീഡിയയിൽ നിന്ന് ഇന്റർനെറ്റ് മീഡിയയിലേക്ക് മാറേണ്ടതായിരുന്നു എന്ന് തോന്നിപ്പോകുന്നു. അവരുടെ പ്രസിദ്ധീകരണങ്ങളെല്ലാം ഇന്റർനെറ്റിലാവുമ്പോൾ രക്ഷപ്പെടുന്നത് എത്ര മരങ്ങളായിരിക്കും!

മാധ്യമരംഗത്തുനിന്നുള്ള സ്ഥിതിവിവരക്കണക്കുകൾ ഇതിന്റെ ഗൗരവാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. അച്ചടിക്കുന്ന പത്രത്തിന്റെ ചെലവിൽ നാലിലൊരു പങ്ക് വാർത്താശേഖരണവുമായി ബന്ധപ്പെട്ടതാണെങ്കിൽ അത്രയുംതന്നെ കടലാസ്സിനായും ചെലവാകുന്നു. കടലാസ്സിലെ അച്ചടി നിർത്തി അതേപടി ഇന്റർനെറ്റിലേക്ക് മാറുമ്പോൾ ഉദ്പാദനച്ചെലവും പ്രകൃതിവിഭവത്തിന്റെ നാശവും തടയാനാവുന്നു. ഇതിന്റെയെല്ലാം ഫലമായി നാളത്തെ മാധ്യമമെന്നത് ഏതാണ്ട് പൂർണമായും ഇന്റർനെറ്റ് മാധ്യമങ്ങളായിരിക്കും എന്ന ധാരണ മാധ്യമലോകത്ത് പടരുന്നുണ്ട്. അച്ചടിച്ച പത്രങ്ങളുടെ സ്ഥാനത്ത് അവയുടെ ഇന്റർനെറ്റ് എഡിഷൻ ആയിരിക്കും ഉണ്ടാവുക എന്ന ധാരണയായിരുന്നു തുടക്കത്തിൽ ഉണ്ടായിരുന്നത്. അത് ശരിയല്ലെന്ന് തെളിഞ്ഞുകഴിഞ്ഞു. ഇന്റർനെറ്റ് തുറന്ന് ഇ പത്രം വായിക്കുന്നതിനേക്കാൾ കൂടുതൽ ആളുകൾ വായിക്കുന്നത്

കേരളീയം വെബ്സൈറ്റ്
പ്രകാശനം ചെയ്തു
സന്ദർശിക്കുക:
www.keraleeyammag.com



**നോം ചോംസ്കിക്കും എനിക്കും തുല്യപ്രാധാന്യം കിട്ടുക എന്നത് മാധ്യമജനാധിപത്യമാണോ അതല്ല മാധ്യമ അരാജകത്വമോ? അഴുക്കുചാൽ നിലവാരം പോലുമില്ലാത്ത ഒരു സിനിമ അതിന്റെ അതിശയിപ്പിക്കുന്ന നിലവാരമില്ലായ്മ കൊണ്ട് സോഷ്വൽ മീഡിയയിൽ വലിയ ആഘോഷമായി വാഴുകയും അതിന്റെ ഫലമായി വൻ ലാഭമാകുകയും ചെയ്യുന്ന പ്രതിഭാസത്തിന് എന്താണ് പേരാണ് ഇടേണ്ടത്. മോഡേൺ മാഡ്നസ് എന്ന് പറഞ്ഞത് വെറുതെയല്ല !**




സോഷ്യൽ മീഡിയയിലെ പോസ്റ്റിങ്ങുകളാണ്. സോഷ്യൽ മീഡിയ ആവുമോ നാളത്തെ മീഡിയ?

മറ്റുമാധ്യമങ്ങൾക്കില്ലാത്ത ഒരുപാട് ഗുണങ്ങൾ സോഷ്യൽ മീഡിയക്കുണ്ട്. ആർക്കും മാധ്യമപ്രവർത്തകനാകാൻ അത് സ്വാതന്ത്ര്യം നൽകുന്നു. ആഗോള വായനാസമൂഹത്തെ ആർക്കും കൈവശപ്പെടുത്താനാവുന്നു. അതിന് ഉടമസ്ഥനില്ല. ഉടനുടൻ ആശയവിതരണവും അതിന്റെ പ്രതികരണവും സാധ്യമാവുന്നു. ചരിത്രത്തിൽ മുമ്പൊരിക്കലും കഴിഞ്ഞിട്ടില്ലാത്ത വിധത്തിൽ മനുഷ്യനെ ഒരു മാധ്യമ ജീവി ആക്കിയത് ടെക്നോളജിയാണ്. ആരുടെയും അനുമതിയില്ലാതെ ഒരു വ്യക്തിക്ക് തന്റെ അഭിപ്രായം ആളുകളിലെത്തിക്കാൻ കഴിയുന്നു എന്നതാണ് ഈ രംഗത്തുണ്ടായ വിപ്ലവത്തിന്റെ ഫലം. തത്വത്തിൽ ഇത് പണ്ടും കഴിയുമായിരുന്നു. നോട്ടീസടിച്ച് വിതരണം ചെയ്യാം, തെരുവിലിറങ്ങി വിളിച്ചുപറയാം. പക്ഷേ, അതിന് ഉയർന്ന ചെലവും പരിമിതമായ സാധ്യതകളുമാണുണ്ടായിരുന്നത്. ഇന്റർനെറ്റിൽ ഒരു മെയിൽ എഴുതി ലോകം മുഴുവനുമുള്ള പരിചയക്കാർക്ക് അയച്ചുകൊടുക്കാൻ ഇന്ന് കാൽകാശ് ചെലവില്ല. സ്വന്തമായി ഒരു ബ്ലോഗ് എഴുതിയാൽ അത് ആര് എവിടെയെല്ലാമിരുന്ന് വായിക്കും എന്നറിയുകയില്ല. ആയിരങ്ങൾ വായിക്കാം, അവരുടെ പ്രതികരണങ്ങൾ നിങ്ങൾക്കും വായിക്കാം. പത്രമോ ടെലിവിഷനോ ശ്രദ്ധിക്കാത്ത വീട്ടമ്മമാർപോലും ഫേസ്ബുക്കിൽ ചില വിവരങ്ങൾ വായിച്ചറിയുന്നു. അനേകം പേരുമായി അത് പങ്കുവെക്കുന്നു. പത്രത്തിലെ ഇന്റർനെറ്റ് എഡിഷനിൽ വരുന്ന വാർത്ത ആളുകൾ പരസ്പരം പങ്കുവെക്കുമ്പോഴാണ് കൂടുതൽ ആളുകളിലേക്കെത്തുന്നത്. പത്രവാർത്ത വായിക്കാനെത്തുന്നവരിൽ നാലിലൊരു പങ്ക് സോഷ്യൽ മീഡിയ വഴിയാണ് അതിലെത്തുന്നത് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

സോഷ്യൽ മീഡിയ ഇപ്പോഴും സർവതന്ത്രസ്വതന്ത്രമാണ്. തികഞ്ഞ ജനാധിപത്യമാധ്യമമാണ് അത്. നിയമങ്ങൾ വലുതായൊന്നും അതിലേക്ക് കടന്നുവന്നിട്ടില്ല. അത് ഫോർത്ത് എസ്റ്റേറ്റിനെയും സദാ നിരീക്ഷിക്കുന്ന ഫിഫ്ത് എസ്റ്റേറ്റ് ആണ്. ആശയങ്ങളുടെ, മനോവ്യാപാരങ്ങളുടെ, കലാ-സാഹിത്യസൃഷ്ടികളുടെ വലിയ വിപണി തുറന്നുകിടക്കുകയാണ്. ആർക്കും എന്തും എഴുതാം, ആർക്കും വായിക്കാം, വായിച്ചതിനെകുറിച്ച് അഭിപ്രായം അപ്പപ്പോൾ പറയാം. തത്വത്തിൽ, ഇതിനേക്കാൾ വലിയ ജനാധിപത്യവൽക്കരണം മനുഷ്യരാശിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്ന് പറയാം. ഇതെല്ലാം സത്യംതന്നെ. എന്നാൽ, ഇതുമുഴുവൻ ആശാസ്യമാണ് എന്നുപറയാനാവില്ല. ഒരുപാട് അനാശാസ്യതകൾ ഈ രംഗത്തുണ്ട്. ഏറ്റവും വലിയ പരിമിതി അതിൽ ഗേറ്റ് കാവൽക്കാരൻ ഇല്ല എന്നതാണ്. അച്ചടിയിലായാലും ടെലിവിഷനിലായാലും പഴയ കാലത്തെ കയ്യെഴുത്തുമാസികയിലായാലും നിങ്ങളെഴുതുന്ന എന്തും മറ്റൊരാൾ കണ്ട് ഗുണനിലവാരം വിലയിരുത്തിയേ പ്രസിദ്ധപ്പെടുത്തുമായിരുന്നുള്ളൂ. ഇന്ന് ആ ചുമതല വായനക്കാരനിലേക്കെത്തിയിരിക്കുന്നു.

വായനക്കാരനിൽ ഓവർലോഡ് ഉണ്ടാകുന്നു. ആവശ്യമുള്ളതും ഇല്ലാത്തതുമായ അറിവുകളും വിവരങ്ങളും അഭിപ്രായങ്ങളും പ്രവഹിക്കുന്നു. അതുപോലുമല്ല പ്രശ്നം. എത്തുന്ന വിവരത്തിൽ ഏത് ശരി, ഏത് തെറ്റ് എന്നറിയാൻ വായനക്കാരന് ഒരു വഴിയുമില്ല. സത്യത്തിന്റെ മുഖം മൂടിയിട്ട് എത്തിച്ചേരുന്നതിൽ നല്ലൊരു പങ്ക് വാസ്തവവിരുദ്ധമാണ്, അസത്യമാണ്. ഇത് മുഖ്യധാരാമാധ്യമങ്ങളിലും സംഭവിക്കുന്നില്ലേ എന്നുചോദിക്കാം. സംഭവിക്കുന്നുണ്ട്, ഗേറ്റ് കീപ്പർ ഉണ്ടായാലും സംഭവിക്കുന്നുണ്ട്. പക്ഷേ, പരമ്പരാഗത മാധ്യമലോകത്ത് ഈ കൃത്യം നിർവഹിക്കുന്നതിന്റെ അനേകമടങ്ങ് ആളുകൾ സോഷ്യൽ മീഡിയയിൽ ഇത് അനുദിനം ചെയ്തുകൊണ്ടിരിക്കുമ്പോൾ അത് പലപ്പോഴും ആപൽക്കരമാകുന്നു. സ്വതന്ത്രമല്ലാത്ത പരമ്പരാഗത മാധ്യമത്തിൽ സംഭവിക്കുന്നതിലേറെ മീഡിയ മാനിപ്പുലേഷൻ സോഷ്യൽ മീഡിയയിൽ സംഭവിക്കുന്നു. ഒരു സംഘടിത ഗ്രൂപ്പിന് ഏത് അസംബന്ധത്തെയും സാർവത്രികാംഗീകാരമുള്ള പരമസത്യമായി വളർത്തിയെടുക്കാനാവും. ഇന്ത്യയിലെ അണ്ണാ ഹസാരെ പ്രതിഭാസം അത്തരത്തിലൊന്നാണ് എന്ന് കരുതുന്നവരുണ്ട്.

സോഷ്യൽ മീഡിയയെ കുറിച്ച്, ദിസ് ഈസ് മോഡേൺ മാഡ്നസ് എന്ന് ഒരു അമേരിക്കൻ സാമൂഹ്യശാസ്

ത്രജ്ഞൻ അഭിപ്രായപ്പെടുകയുണ്ടായി. ആധുനികമായ ഭ്രാന്ത് ! ചിലപ്പോഴെങ്കിലും അത് സത്യമാണ് എന്നു തോന്നിപ്പോകും. മാതൃഭൂമി ഇന്റർനെറ്റ് എഡിഷനിൽ ഒരുതവണ ശശി തരൂരുമായി ബന്ധപ്പെട്ട ഒരു ചർച്ചയിൽ അഭിപ്രായം എഴുതിയത് ആയിരത്തഞ്ഞൂറിലേറെ ആളുകളാണ്. ഗംഭീരം ! ഇത്രയും പേർക്ക് അഭിപ്രായം പറയാൻ മറ്റേത് മീഡിയയിലാണ് കഴിയുക? പക്ഷേ, ഇത്രയും പേർ അഭിപ്രായം പറഞ്ഞിട്ട് എന്താണ് പ്രയോജനം. ആരാണ് 1500 അഭിപ്രായങ്ങൾ കുത്തിയിരുന്നു വായിക്കുക? ആരെങ്കിലും ഒരാൾ വായനക്കാരന് വേണ്ടി ഇവ പരിശോധിച്ച് നല്ലതും ചീത്തയും, അർത്ഥമുള്ളതും അർത്ഥശൂന്യവും വേർതിരിച്ചുകൊടുത്തിരുന്നെങ്കിൽ എന്ന് ആശിച്ചുപോവും. നോം ചോംസ്കിക്കും എനിക്കും തുല്യപ്രാധാന്യം കിട്ടുക എന്നത് മാധ്യമജനാധിപത്യമാണോ അതല്ല മാധ്യമ അരാജകത്വമോ? അഴുക്കുചാൽ നിലവാരം പോലുമില്ലാത്ത ഒരു സിനിമ അതിന്റെ അതിശയിപ്പിക്കുന്ന നിലവാരമില്ലായ്മ കൊണ്ട് സോഷ്യൽ മീഡിയയിൽ വലിയ ആഘോഷമായി വാഴുകയും അതിന്റെ ഫലമായി വൻ ലാഭമാകുകയും ചെയ്യുന്ന പ്രതിഭാസത്തിന് എന്താണ് പേരാണ് ഇടേണ്ടത്. മോഡേൺ മാഡ്നസ് എന്ന് പറഞ്ഞത് വെറുതെയല്ല !

സോഷ്യൽ മീഡിയ ലോകത്തെങ്ങും പുതിയ സമൂഹത്തിന്റെ സൃഷ്ടിയിൽ നിർണായകപങ്ക് വഹിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം ഇതുകൊണ്ടൊന്നും അവഗണിക്കേണ്ടതില്ല. പുത്തൻ തലമുറ അരാഷ്ട്രീയമാവുന്നു, ടെക്നോളജിയിലെ വിനോദങ്ങളിൽ മാത്രം മുഴുകുന്നു, വോട്ടുചെയ്യാൻ പോലും വിമുഖത കാട്ടുന്നു എന്നിങ്ങനെയുള്ള ആശങ്കകൾക്കിടയിൽ പുത്തൻ തലമുറയെ സോഷ്യൽ മീഡിയയാണ് കൂടുതൽ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നത് എന്ന വെളിപ്പെടുത്തലും ഉണ്ടായിട്ടുണ്ട്. വികസിത രാജ്യങ്ങളിൽ വോട്ടിങ് ശതമാനം തന്നെ കുറഞ്ഞുവരുന്നതിനിടയിലാണ് 2005നും 2010നും ഇടയിൽ വോട്ടിങ് ശതമാനത്തിലുണ്ടായ ഏഴ് ശതമാനം വർദ്ധനയ്ക്ക് കാരണം സോഷ്യൽ മീഡിയയിൽ നടന്ന സാമൂഹ്യ രാഷ്ട്രീയപ്രശ്നങ്ങളെകുറിച്ചുള്ള



ഫോട്ടോ: ജോസഫ്

കേരളീയം വെബ്സൈറ്റിന്റെ പ്രകാശനം എൻ.പി. രാജേന്ദ്രൻ നിർവഹിക്കുന്നു

ചർച്ചകളും മറ്റുമാണെന്ന് നിരീക്ഷകർ വിലയിരുത്തിയത്. പഴയതലമുറയേക്കാൾ കൂടുതൽ വോട്ടിങ് പുതിയ തലമുറയിലാണെന്നും കാണുന്നുണ്ട്.

അമേരിക്കയിലും അറേബ്യൻ രാജ്യങ്ങളിലും നടന്ന, നടന്നുകൊണ്ടിരിക്കുന്ന വിപ്ലവശ്രമങ്ങൾക്ക് പിന്നിൽ സോഷ്യൽ മീഡിയയാണെന്ന നിഗമനം ഒരുപാട് ചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞു. അഭിപ്രായസ്വാതന്ത്ര്യം പോലും വേണ്ടത്ര ഇല്ലാത്ത രാജ്യങ്ങളിലാണ് സോഷ്യൽ മീഡിയ കൂടുതൽ പ്രസക്തവും സ്വാധീനമുള്ളതുമാകുന്നത്. സമൂഹത്തിൽ മാറ്റം വേണമെന്നും അത് സാധ്യമാണെന്നുമുള്ള ചിന്ത ആളുകളിൽ ഉണ്ടാക്കിയത് അവിടെ സോഷ്യൽ മീഡിയയിലെ പ്രവർത്തനമാണ്. പഴയ മാറ്റങ്ങളിൽ നിന്ന്, രാഷ്ട്രീയ കൊടുങ്കാറ്റുകളിൽ നിന്ന് വ്യത്യസ്തമായി പുതിയ വിപ്ലവങ്ങൾക്ക് നേതൃത്വമില്ല, എന്തെങ്കിലും വ്യക്തമായ പ്രത്യയശാസ്ത്രമില്ല, അവ സമഗ്രചിന്തയുടെ ഉല്പ്പന്നങ്ങളല്ല, അവ ക്ഷണികമാണ് തുടങ്ങിയ നിരവധി പരിമിതികൾ ആരോപിക്കപ്പെടുന്നുണ്ട്. കുറെയെല്ലാം സത്യവുമാണ്.

അശ്ലീലവും മതഭ്രാന്തുമെല്ലാം അനിയന്ത്രിതമായി ഒഴുകുന്നുണ്ട് സോഷ്യൽ മീഡിയയിൽ. ഇതിന്റെ മേലും നിയന്ത്രണമില്ല. ഫേസ്ബുക്ക്, യുട്യൂബ് തുടങ്ങിയവയ്ക്കുമേൽ നിയന്ത്രണം കൊണ്ടുവരണം എന്ന ആവശ്യത്തിന് ശക്തിയേറുകയാണ്. സർക്കാറുകളും ആ നിലയിലേക്ക് നീങ്ങുന്നുണ്ട്. അച്ചടിമാധ്യമത്തിന്റെ തുടക്കവുമായി ഇതിനെ താരതമ്യപ്പെടുത്തുന്നത് നന്നാവും. അച്ചടിയിൽ ആദ്യം സെൻസർഷിപ്പാണ് ഉണ്ടായത്. ഇംഗ്ലണ്ടിൽ പോലും കർശന നിയന്ത്രണത്തിന് ശേഷമാണ് അത് സ്വതന്ത്രമായത്. സെൻസർഷിപ്പ് അവസാനിപ്പിക്കുന്ന തരത്തിലുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായപ്പോൾ വലിയ തോതിൽ ആശങ്കകൾ ഉയർന്നുവന്നിരുന്നു. ഇതോടെ സാമൂഹ്യസുരക്ഷിതത്വം ഇല്ലാതാവുമെന്നും രാജ്യം അരാജകത്വത്തിലേക്കും അക്രമത്തിലേക്കും ചെന്നുപതിക്കുമെന്നും പക്വമായി ചിന്തിക്കുന്നവർ പോലും ഭയപ്പെട്ടു. പക്ഷേ, ഒന്നും സംഭവിച്ചില്ല. ഈ അച്ചടിമാധ്യമമാണ് സ്വതന്ത്രമായ ഫോർത്ത് എസ്റ്റേറ്റ് ആയി വളർന്നത്. സോഷ്യൽ മീഡിയ സർവസ്വാതന്ത്ര്യത്തിൽ നിന്ന് നിയന്ത്രണത്തിലേക്കാണ് നീങ്ങുന്നത്.

മനുഷ്യൻ പിന്നോട്ടല്ല, മുമ്പോട്ടാണ് പോവുക. കുറയെല്ലാം ഭ്രാന്തുകളും അസഹ്യപ്രവണതകളും കണ്ടെന്നുവരാം. പക്ഷേ, അവയുടെ സംഹാര സ്വഭാവത്തെ മറികടക്കാൻ മനുഷ്യർക്ക് കഴിയും. നിയമങ്ങളുള്ള എന്നാൽ വലിയ നിയന്ത്രണമില്ലാത്ത രീതിയിൽ സോഷ്യൽ മീഡിയ മുന്നോട്ടു പോയേ തീരൂ. നാളത്തെ വിപ്ലവങ്ങൾ പോസ്റ്റ് ചെയ്യപ്പെടുന്നത് സോഷ്യൽ മീഡിയയിലാവാം.

## മുരിയാട് കർഷക സമരം ആറാം വാർഷികം

മുരിയാട് കർഷക സമരത്തിന്റെ ആറാം വാർഷികം വിവിധ പരിപാടികളോടെ മാർച്ച് 7ന് നടത്തുന്നു. സംസ്ഥാനതല കർഷകകൂട്ടായ്മയും മാർച്ച് 8ന് കുംഭനിലാവും സംഘടിപ്പിക്കുന്നു. ബന്ധങ്ങൾക്ക്: വർഗ്ഗീസ് തൊടുപറമ്പിൽ, 9495169930